പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1104 20-3-2012-ൽ മറുപടിയ്ക്ക്.

## മലപ്പുറം ജില്ലയിൽ പുതിയ വില്ലേജുകൾ രൂപീകരിക്കൽ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ( റവന്യു വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജനസംഖ്യ ഏറ്റവും കൂടുതലുള്ള മലപ്പുറം ജില്ലയിൽ പുതിയ വില്ലേജുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; (ബി) എങ്കിൽ ഏതെല്ലാം വില്ലേജുകളാണ് പുതുതായി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ & ബി) ജനസംഖ്യ,ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടേയും പുന:സംഘടന/രൂപീകരണം സംബന്ധിച്ച് ലാന്റ് റവന്യു കമ്മിഷണറേറ്റും സർക്കാർ റവന്യു വകുപ്പും സംയുക്തമായി 2007 -ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം മാത്രമേ മലപ്പുറം ജില്ലയിൽ പുതിയ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ